# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 4, തിങ്കള്‍
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍- 30)

<u>മറുപടി നല്‍കുന്ന മന്ത്രിമാര്‍</u>

**മുഖ്യമന്ത്രി**

**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**

**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**

**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**

<u>സേവന നിയമം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികള്‍</u>

*1 ശ്രീ. വര്‍ക്കല കഹാര്‍
,, ആര്‍. സെല്‍വരാജ്
,, ബെന്നി ബെഹനാന്‍
,, ജോസഫ് വാഴക്കന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമം പ്രാബല്യത്തില്‍ വന്നിട്ടുണ്ടോ ;

(ബി) പ്രസ്തുത നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) സര്‍ക്കാര്‍ സേവനങ്ങള്‍ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത് ;

(ഡി) പ്രസ്തുത നിയമം പ്രാവര്‍ത്തികമാക്കുന്നതിന് ഭരണതലത്തില്‍ എന്തെല്ലാം നടപടികള്‍ കൈക്കൊണ്ടിട്ടുണ്ട് ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>വിമൻസ് ഇൻവെസ്റ്റിഗേഷൻ ടീം</u>

*2 ശ്രീ. എം.എ. വാഹീദ്
,, പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിമൻസ് ഇൻവെസ്റ്റിഗേഷൻ ടീം രൂപവത്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദമാക്കുമോ ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അക്രമങ്ങളെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

തീവ്രവാദ പ്രവർത്തനത്തെക്കുറിച്ചും വർഗീയകലാപങ്ങളെക്കുറിച്ചും ഉള്ള അന്വേഷണങ്ങളിൽ വീഴ്ച

*3 ശ്രീ. എം. ചന്ദ്രൻ
,, ഇ.പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീവ്രവാദപ്രവർത്തനത്തെക്കുറിച്ചും വർഗീയകലാപങ്ങളെക്കുറിച്ചും ഉള്ള അന്വേഷണങ്ങളിൽ വീഴ്ച വരുത്തുന്നത് വൻപ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ കാസർഗോഡ് നടന്ന വർഗീയ കലാപത്തെക്കുറിച്ചുള്ള എൻക്വയറി കമ്മീഷനെ പിൻവലിക്കുകയുണ്ടായോ; ഇതേപോലെ, മറ്റേതെങ്കിലും സംഭവം സംബന്ധിച്ച് തുടരന്വേഷണം ആവശ്യമില്ലെന്ന് തീരുമാനിക്കുകയുണ്ടായോ;

(സി) നാദാപുരത്ത് 5 പേർ ബോംബ് പൊട്ടി കൊലചെയ്യപ്പെട്ട സംഭവം സംബന്ധിച്ച അന്വേഷണം ഇപ്പോൾ നടക്കുന്നുണ്ടോ;

(ഡി) മാറാട് കലാപം സംബന്ധിച്ച് അന്വേഷിച്ച കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ, സി.ബി.ഐ അന്വേഷണം നടത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) വർഗീയ തീവ്രവാദികളെ സംരക്ഷിക്കാനിയടയാക്കുന്ന നടപടികൾ പുന:പരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

ജസ്റ്റീസ് എം. രാജേന്ദ്രൻ നായർ കമ്മീഷൻ ശുപാർശ

*4 ശ്രീ. സി. കെ. സദാശിവൻ
,, പി. കെ. ഗുരുദാസൻ
,, സി. കൃഷ്ണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രൂപ്പായി ഷാപ്പുകൾ ലേലം ചെയ്യുന്ന രീതി നിർത്തണമെന്നും തൊഴിലാളികളുടെ സഹകരണസംഘം വഴിയോ സർക്കാർ നിയന്ത്രിത ഏജൻസി വഴിയോ ശുദ്ധമായ കള്ള് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും ജസ്റ്റിസ് എം. രാജേന്ദ്രൻ നായർ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ശുപാർശ അംഗീകരിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവന്നിരുന്ന കള്ളുചെത്തുതൊഴിലാളി സഹകരണസംഘങ്ങൾ എത്രയായിരുന്നു; ഇപ്പോൾ അവ കള്ളുഷാപ്പ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ് ; വിശദമാക്കുമോ;

(സി) കമ്മീഷൻ ശുപാർശയുടെയടിസ്ഥാനത്തിൽ കള്ള് ചെത്തുതൊഴിലാളി സഹകരണസംഘങ്ങളെ അവഗണിച്ച സർക്കാർ നിലപാട് പുന:പരിശോധിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി</u>

*5 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, എം. പി. അബ്ദുസ്സമദ് സമദാനി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി സ്പോർട്സ് വകുപ്പ് ആവിഷ്ക്കരിച്ചു നടപ്പാക്കിയിരുന്നോ; എങ്കിൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തുണ്ടാകുന്ന മുങ്ങിമരണങ്ങളിൽ നല്ല പങ്കും വിദ്യാർത്ഥികളും കൗമാരക്കാരുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സ് പൂർത്തിയാകുന്നതിനകം സുരക്ഷാ മുൻകരുതലെന്ന നിലയിൽ നീന്തൽ പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>ഗാഡ്ഗിൽ റിപ്പോർട്ട്</u>

*6 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാഡ്ഗിൽ റിപ്പോർട്ടിലെ ഏതെല്ലാം നിർദ്ദേശങ്ങളാണ് സ്വീകാര്യമാണെന്ന് അറിയിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ആയതിലേക്ക് പ്രത്യേക നിയമനിർമ്മാണം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>ട്രോളിംഗ് നിരോധനം റദ്ദാക്കൽ</u>

*7 ശ്രീ. ബി. സത്യൻ
,, എസ്. ശർമ്മ
,, പി. ശ്രീരാമകൃഷ്ണൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് മത്സ്യസമ്പത്ത് കാത്ത് സൂക്ഷിക്കുന്നതിനായി നടപ്പാക്കിവരുന്ന വർഷകാല ട്രോളിംഗ് നിരോധനം ഉപേക്ഷിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ട്രോളിംഗ് നിരോധനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്താൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; മത്സ്യമേഖലയുമായി ബന്ധപ്പെട്ട ഗവേഷകരും സംഘടനാപ്രതിനിധികളും ഉൾപ്പെടെ ആരെങ്കിലും സമിതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഇത്തരമൊരു പഠനത്തിന് നിർദ്ദേശം ലഭിച്ചത് എവിടെ നിന്നാണ്;

(സി) വിദേശകപ്പലുകൾക്കും ട്രോളറുകൾക്കും വേണ്ടി വർഷകാല ട്രോളിംഗ് നിരോധനം ഉപേക്ഷിക്കുന്നതായിട്ടാണ് സമിതിയെ നിയോഗിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിന് മുമ്പും ശേഷവുമുള്ള മത്സ്യസമ്പത്തിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>ഡീസല്‍ സബ്സിഡി വെട്ടിക്കുറച്ചതുമൂലം പ്രതിസന്ധിയിലായ സ്ഥാപനങ്ങള്‍</u>

*8 ശ്രീമതി ഗീതാ ഗോപി
ശ്രീ. സി. ദിവകാരന്‍
,, പി. തിലോത്തമന്‍
,, ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇന്‍ഡ്യന്‍ ഓയില്‍ കോര്‍പ്പറേഷന്‍ വന്‍കിട ഉപഭോക്താക്കളുടെ പട്ടികയില്‍ കേരളത്തിലെ ഏതെല്ലാം സ്ഥാപനങ്ങളെ ഉള്‍പ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) വന്‍കിട ഡീസല്‍ ഉപഭോക്താക്കള്‍ക്ക് സബ്സിഡി വെട്ടിക്കുറയ്ക്കാന്‍ കേന്ദ്രസര്‍ക്കാര്‍ അനുമതി നല്‍കിയതുമൂലം ഓരോ സ്ഥാപനവും ഡീസല്‍ ലിറ്ററൊന്നിന് എത്ര രൂപ വീതം അധികം നല്‍കേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ;

(സി) ഡീസല്‍ വില വര്‍ദ്ധന ഏതെല്ലാം സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട് ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളെ പ്രതിസന്ധിയില്‍നിന്നും രക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

## പോലീസ് സേനയിലെ ക്രിമിനലുകൾ

*9 ശ്രീ. ഇ. കെ. വിജയൻ
,, മുല്ലക്കര രത്നാകരൻ
,, കെ. രാജു
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ ഡി. ജി. പി. മാരുടെ സമിതിയുടെ ശുപാർശ പ്രകാരം എത്ര പോലീസ് ഉദ്യോഗസ്ഥന്മാരെ പിരിച്ചു വിടാൻ തീരുമാനിച്ചിട്ടുണ്ട് ; ഇവർ ഏതെല്ലാം റാങ്കിൽപ്പെട്ടവരാണ് ; വ്യക്തമാക്കുമോ ;

(ബി) പിരിച്ചുവിടലിന് ആധാരമായ കാര്യങ്ങൾ വെളിപ്പെടുത്തുമോ ;

(സി) എത്ര പോലീസ് ഉദ്യോഗസ്ഥന്മാരെ ലഹരിവിമുക്ത ചികിത്സാ കേന്ദ്രത്തിലേയ്ക്കയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട് ;

(ഡി) ഇവർക്ക് , എത്ര ദിവസത്തെ ചികിത്സയാണ് നൽകുന്നത് ;

(ഇ) പോലീസ് സേനയിലെ ക്രിമിനലുകൾക്കെതിരെ ഇതുവരെ എടുത്ത നടപടികൾ വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>സബ്സിഡി ഒഴിവാക്കൽ</u>

*10 ശ്രീ. എ. കെ. ബാലൻ
,, എ. പ്രദീപ്കുമാർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ്സിഡികൾ പൂർണ്ണമായും എടുത്തു കളയാനുള്ള കേന്ദ്ര സർക്കാർ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ്സിഡികൾ ഇല്ലാതായാൽ കേരളത്തിലെ ജനങ്ങൾ നേരിടേണ്ടി വരുന്ന പ്രതിസന്ധിയുടെ ആഴവും ദുരിതങ്ങളും സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) നിലവിൽ കേന്ദ്രസർക്കാർ സബ്സിഡി ലഭിച്ചുകൊണ്ടിരിക്കുന്ന മേഖലകൾ ഏതൊക്കെയാണ്;

(ഡി) സബ്സിഡികൾ ഇതിനകം നിർത്തലാക്കുകയോ വെട്ടിച്ചുരുക്കുകയോ ചെയ്തിട്ടുള്ളത് ഏതെല്ലാം മേഖലകളിലാണ്;

(ഇ) സബ്സിഡി നിലനിർത്തി കിട്ടുന്നതിന് കേന്ദ്രസർക്കാരിൽ ഏതെല്ലാം നിലയിൽ സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തുകയുണ്ടായി?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>പരിസ്ഥിതി ലോല മേഖലകള്‍</u>

*11 ശ്രീ. വി. എസ്. സുനില്‍കുമാര്‍
,, കെ. അജിത്
,, കെ. രാജു
,, മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വന്യമൃഗസങ്കേതങ്ങള്‍ക്കു ചുറ്റും പരിസ്ഥിതി ലോല മേഖലകള്‍ നിര്‍ണ്ണയിക്കുന്നതിനുള്ള നടപടികള്‍ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇതിനായി ഇതുവരെ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ;

(ബി) പരിസ്ഥിതി ലോല മേഖലകളായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളില്‍ എന്തെല്ലാം പ്രവര്‍ത്തനങ്ങള്‍ക്ക് നിയന്ത്രണവും നിരോധനവും ഏര്‍പ്പെടുത്തേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ;

(സി) വനം വകുപ്പ് ഏകപക്ഷീയമായി തീരുമാനങ്ങളെടുത്ത് അടിച്ചേല്പിക്കാനുള്ള നീക്കം നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇക്കാര്യത്തില്‍ സമവായം ഉണ്ടാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

ഫിഷറീസ് സർവ്വകലാശാല

*12 ശ്രീ. കെ. മുരളീധരൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നടപ്പുസാമ്പത്തികവർഷം എന്ത് തുക ധനസഹായമായി സർവ്വകലാശാലയ്ക്ക് ലഭിക്കുകയുണ്ടായി; വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

## ട്രോളിംഗ് നിരോധനം

*13 ശ്രീ. പി. തിലോത്തമന്‍
,, ഇ. ചന്ദ്രശേഖരന്‍
,, ഇ. കെ. വിജയന്‍
,, ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വര്‍ഷകാല ട്രോളിംഗ് നിരോധനസമ്പ്രദായം ഏര്‍പ്പെടുത്തിയിട്ട് എത്ര വര്‍ഷമായി; ട്രോളിംഗ് നിരോധനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(ബി) ട്രോളിംഗ് നിരോധനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചു പഠിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കില്‍ ഈ സമിതി പഠനവിധേയമാക്കുന്ന വിഷയങ്ങള്‍ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(സി) ട്രോളിംഗ് നിരോധനം ഉപേക്ഷിക്കുന്നത് മത്സ്യസമ്പത്തില്‍ കാര്യമായ കുറവു വരുത്തുമെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 04.02.2013–ലെ മറുപടിക്ക്

<u>സമുദ്രമേഖലയിൽ നിന്നുള്ള മത്സ്യവിഭവങ്ങളുടെ ലഭ്യത</u>

*14 ശ്രീ. കെ. എം. ഷാജി
,, എം. ഉമ്മർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമുദ്രമേഖലയിൽ മത്സ്യവിഭവങ്ങളുടെ ലഭ്യത ക്രമേണ കുറഞ്ഞ വരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മത്സ്യ വിഭവങ്ങളുടെ ലഭ്യതക്കുറവ്, കയറ്റുമതി വരുമാനത്തെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ എത്രത്തോളമെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യലഭ്യത വർദ്ധിപ്പിക്കാനുള്ള പ്രായോഗിക നടപടികളെക്കുറിച്ച് ആലോചിക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സർക്കാർ സി.ബി.ഐ. അന്വേഷണത്തിന് വിട്ട കേസുകൾ</u>

*15 ശ്രീ. ബാബു എം. പാലിശ്ശേരി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എസ്. രാജേന്ദ്രൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സി.ബി.ഐ. അന്വേഷണത്തിന് വിട്ട കേസുകളിൽ, അത് നടത്തുമോ ഇല്ലയോ എന്ന കാര്യം കേന്ദ്രസർക്കാർ അറിയിക്കാറുണ്ടോ;

(ബി) സംസ്ഥാന സർക്കാർ സി.ബി.ഐ. അന്വേഷണത്തിന് വിട്ട എത്ര കേസുകളിൽ അതിന്റെ ആവശ്യം ഇല്ലെന്ന് കേന്ദ്രസർക്കാർ അറിയിക്കുകയുണ്ടായി; വിശദമാക്കാമോ;

(സി) സി.ബി.ഐ. അന്വേഷണത്തിന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം യഥാസമയം കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തില്ലെന്ന ആക്ഷേപത്തിനിടയാക്കിയ കേസ് ഏതായിരുന്നു;

(ഡി) യഥാസമയം വിജ്ഞാപനം അയച്ചുകൊടുക്കാതിരുന്നത് ആരുടെ നിർദ്ദേശപ്രകാരമായിരുന്നു; ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച പരാതിയെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 04.02.2013–ലെ മറുപടിക്ക്

## സംസ്ഥാന മാരിടൈം ബോർഡ്

*16 ശ്രീ. അൻവർ സാദത്ത്
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരിടൈം ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്;

(സി) ജലത്തിൽക്കൂടിയുള്ള ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡു രൂപീകരണം വഴി ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത മേഖലയിലുള്ള വിവിധ ഏജൻസികളെ ബോർഡുരൂപീകരണത്തിൽ സംയോജിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) ഇതിനുള്ള നിയമനിർമ്മാണനടപടി ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>ഇക്കോ സെൻസിറ്റീവ് സോൺ</u>

*17 ശ്രീ. സി. മോയിൻകുട്ടി
,, പി. ബി. അബ്ദുൾ റസാക്
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയ്ക്കു ചുറ്റും പരിസ്ഥിതിലോല മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) നിശ്ചയിക്കുന്ന വിഷയത്തിൽ സംസ്ഥാനതലത്തിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) ഇക്കാര്യത്തിൽ കേന്ദ്രത്തിൽ നിന്നും നിർദ്ദേശമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(സി) ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുമ്പോൾ വനമേഖലയിലെ നിലവിലുള്ള നിർമ്മിതികൾക്കോ, പ്രവർത്തനങ്ങൾക്കോ എന്തെങ്കിലും ഹാനി സംഭവിക്കുവാൻ ഇടയുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>മദ്യനയം</u>

*18 ശ്രീ. സി.കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രഖ്യാപിത മദ്യനയത്തിലെ പ്രത്യേകതകൾ വിശദമാക്കാമോ;

(ബി) പുതിയ ബാറുകൾക്ക് അനുമതി കൊടുത്തത് മദ്യനയത്തിന് അനുസൃതമായിട്ടാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) കോടതി ഉത്തരവ് പ്രകാരം എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്;

(ഡി) സർക്കാർ നയത്തിന് വിരുദ്ധമായി ബാറുകൾക്ക് അനുമതി നൽകുന്ന കോടതി ഉത്തരവുകൾക്കെതിരെ മേൽ കോടതിയിൽ അപ്പീൽ നൽകുന്നതിൽ അലംഭാവം കാട്ടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 04.02.2013–ലെ മറുപടിക്ക്

<u>ആറന്മുള വിമാനത്താവളം</u>

*19 ശ്രീ. പി. കെ. ഗുരുദാസൻ
,, എം. എ. ബേബി
,, രാജു എബ്രഹാം
ശ്രീമതി അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുളയിൽ പാടം നികത്തി വിമാനത്താവളം നിർമ്മിക്കാൻ അനുമതി നൽകിക്കൊണ്ട് പത്തു ശതമാനം ഓഹരി വാങ്ങി പങ്കാളിയാകാനുള്ള സർക്കാർ തീരുമാനം പുന:പരിശോധിക്കുമോ;

(ബി) നിയമവിരുദ്ധമായി പാടം നികത്തി വിമാനത്താവളം നിർമ്മിക്കാനുള്ള ശ്രമത്തിന് സർക്കാർ കൂട്ടു നില്ക്കുന്നു എന്നാരോപിച്ച് ജനരോഷം ഉണ്ടായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നീർത്തട സംരക്ഷണ നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകളാണ് നിർദ്ദിഷ്ട ഭൂമിയിൽ ലംഘിക്കപ്പെട്ടത്;മറ്റെന്തെല്ലാം നിയമവ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

## മണൽ മാഫിയ

*20 ശ്രീ. എം. ഹംസ
'' സാജു പോൾ
'' കെ. സുരേഷ് കുറുപ്പ്
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണൽ ഉറവിടങ്ങളിൽ നിന്നും അവ കൊള്ളയടിക്കുന്നവരുടെ സംഘങ്ങൾ സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃത മണലൂറ്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അക്രമി സംഘങ്ങളെ നിയന്ത്രിക്കാൻ പോലീസിന് സാദ്ധ്യമാകാത്തത് എന്തുകൊണ്ട് എന്ന് വിശദമാക്കുമോ;

(സി) പ്രാദേശികമായി പോലീസിന് ഫലപ്രദമായി ഇടപെടാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് ആഭ്യന്തര വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ഡി) മണൽ ശേഖരങ്ങൾ കൊള്ളയടിക്കുന്നവരുടെ അക്രമങ്ങൾ മൂലം സംഘർഷാവസ്ഥ നിലനിൽക്കുന്ന സ്ഥലങ്ങളെക്കുറിച്ച് അന്വേഷിക്കുമോ;

(ഇ) മണൽ മാഫിയകളെ നിയന്ത്രിക്കാൻ പോലീസിന് പൂർണ്ണസ്വാതന്ത്ര്യം നൽകുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>പെട്രോളിയം ഉല്പന്നങ്ങളുടെയും ഡീസലിന്റെയും വളങ്ങളുടെയും വിലനിയന്ത്രണം</u>

*21 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, പി. ശ്രീരാമകൃഷ്ണൻ
,, പി.റ്റി.എ. റഹീം
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു.പി.എ. സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയേയും ജനങ്ങളേയും ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നുയെന്ന് സർക്കാർ വിലയിരുത്തുകയുണ്ടായോ;

(ബി) പെട്രോളിയം ഉല്പന്നങ്ങളുടെയും ഡീസലിന്റെയും വളങ്ങളുടെയും വിലനിയന്ത്രണം എടുത്തു കളഞ്ഞതും സബ്സിഡികൾ വെട്ടിച്ചുരുക്കിക്കൊണ്ടിരിക്കുന്നതും സംസ്ഥാനത്തെ ഏതെല്ലാം മേഖലകളെയാണ് നേരിട്ട് ബാധിച്ചിരിക്കുന്നത്; ഓരോ മേഖലയിലേയും പ്രത്യാഘാതങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) പ്രത്യാഘാതങ്ങളെക്കുറിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായോ; വലിയൊരു വിഭാഗം ജനങ്ങൾ സംസ്താനത്ത് ജീവിത പ്രതിസന്ധിയിലായിരിക്കുന്ന കാര്യം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>ശബരീജലം പദ്ധതി</u>

*22 ശ്രീ. പി. എ. മാധവന്‍
,, ലൂഡി ലൂയിസ്
,, ഹൈബി ഈഡന്‍
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ശബരീജലം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം;

(സി) എത്ര ലക്ഷം ലിറ്റര്‍ ശുദ്ധജലം വിപണിയിലെത്തിക്കാനാണ് പ്രസ്തുത പദ്ധതി മുഖാന്തിരം ലക്ഷ്യമിട്ടിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 04.02.2013–ലെ മറുപടിക്ക്

<u>വിഷക്കള്ള് ദുരന്തം സംബന്ധിച്ച ജ: എം രാജേന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട്</u>

*23 ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. അജിത്
,, വി.എസ്. സുനിൽ കുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഷക്കള്ള് ദുരന്തത്തെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് എം. രാജേന്ദ്രൻ നായർ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാം എന്നറിയിക്കുമോ; പ്രസ്തുത ശുപാർശകൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത ശുപാർശകൾ നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>മാതൃകാ മത്സ്യബന്ധന ഗ്രാമങ്ങൾ</u>

*24 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. എ. വാഹീദ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ മത്സ്യബന്ധന ഗ്രാമങ്ങളുടെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ഗ്രാമങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്കായി ഗ്രാമങ്ങളിൽ ഒരുക്കിയിട്ടുള്ളത് ;

(ഡി) ഇതിനായി എന്തെല്ലാം കേന്ദ്രസഹായങ്ങൾ ലഭ്യമാണ് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>വനിതാ ഹെൽപ്പ് ലൈനുകൾ</u>

*25 ശ്രീ. വി. പി. സജീന്ദ്രൻ
,, റ്റി. എൻ. പ്രതാപൻ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും വനിതാ ഹെൽപ്പ് ലൈനുകൾ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ചുമതലകളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇവയുടെ പ്രവർത്തനം വിശദീകരിക്കുമോ ;

(ഡി) ഹെൽപ്പ് ലൈനിൽ ലഭിക്കുന്ന സന്ദേശങ്ങൾക്കും പരാതികൾക്കും പരിഹാരം കാണാൻ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

മദ്യത്തിന്റെ ഉപഭോഗം

*26 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം ഗണ്യമായി കുറയ്ക്കുന്നതിന് ക്രിയാത്മകമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് മദ്യത്തിന്റെ ഉപഭോഗത്തിൽ കുറവുവരുത്താൻ സാധിച്ചുവോ; ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മദ്യോപഭോഗത്തിൽ കേരളത്തിന്റെ സ്ഥാനം എത്രയാണ്;

(സി) മദ്യോപഭോഗം കുറയ്ക്കുവാനാവശ്യമായ ബോധവത്ക്കരണ ക്ലാസ്സുകളും മറ്റുപരിപാടികളും എല്ലാ തലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

വന്യമൃഗങ്ങളുടെ ആവാസ സാഹചര്യങ്ങൾ

*27 ശ്രീ. പി. കെ. ബഷീർ
,, പി. ഉബൈദുള്ള
,, എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനപ്രദേശത്തോട് ചേർന്ന് ജീവിതം നയിക്കുന്ന മനുഷ്യന് വനത്തിനുള്ളിലെ വന്യമൃഗങ്ങളിൽ നിന്നും നേരിടേണ്ടിവരുന്ന കഷ്ടനഷ്ടങ്ങൾ വർദ്ധിച്ചുവരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യമൃഗങ്ങളെ വനത്തിനുള്ളിൽതന്നെ ഒതുക്കി നിർത്തുന്നതിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് വിദഗ്ദ്ധരുടെ അഭിപ്രായരൂപീകരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) വന്യമൃഗങ്ങളുടെ സൈ്വരജീവിതത്തിനനുയോജ്യ സാഹചര്യങ്ങൾ നിലനിർത്തുന്ന കാര്യത്തിൽ കാടിനോടു ചേർന്നും, കാടിനുള്ളിലും ജീവിക്കുന്ന മനുഷ്യരിൽ അവബോധം സൃഷ്ടിക്കുന്നതിനും വന്യജീവികൾ മുഖേനയുണ്ടാകുന്ന കഷ്ട നഷ്ടങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിനും, ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവളം</u>

*28 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വിമാനത്താവളത്തിന്റെ പരിസ്ഥിതി പഠനം പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) കേന്ദ്ര പ്രതിരോധ വകുപ്പിന്റെ അനുമതിയിലുണ്ടായിരുന്ന നിബന്ധനകളിൽ സംസ്ഥാന താല്പര്യത്തിന് അനുകൂലമായ ഇളവുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

ബാങ്ക് അക്കൗണ്ട് വഴിയുള്ള ആനുകൂല്യങ്ങളുടെ വിതരണം

*29 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ഇ. പി. ജയരാജൻ
,, കെ. രാധാകൃഷ്ണൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ്സിഡികളും ക്ഷേമപദ്ധതി ആനുകൂല്യങ്ങളും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി നൽകാനുള്ള പദ്ധതിയുമായി മുന്നോട്ടു പോകാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭത്തിൽ തന്നെ പ്രയാസങ്ങൾ വർദ്ധിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ ബാങ്കുകളിലെ അവസ്ഥയും ജീവിതത്തിൽ ഒരിക്കലും ബാങ്കിൽ പോയിട്ടില്ലാത്ത കുടുംബങ്ങളുടെ അവസ്ഥയും പ്രസ്തുത തീരുമാനമെടുക്കുമ്പോൾ പരിഗണിച്ചിരുന്നോ; എങ്കിൽ വിശദമാക്കുമോ;

(ഡി) സബ്സിഡികളും ആനുകൂല്യങ്ങളും ഘട്ടംഘട്ടമായി ഈ പദ്ധതി നടപ്പാക്കുന്നതുവഴി ഇല്ലാതാകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2013–ലെ മറുപടിക്ക്

<u>സ്ത്രീ പീഡന കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന്
അതിവേഗ കോടതികൾ</u>

*30 ശ്രീ. കെ. അച്ചുതൻ
,, ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്ത്രീ പീഡന കേസ്സുകൾ കാര്യക്ഷമമായും വേഗത്തിലും നടത്തുന്നതിന് എന്തെല്ലാമാണ് ചെയ്യാനുദ്ദേശിക്കുന്നത് ;

(ബി) ഇത്തരം കേസ്സുകളുടെ വിചാരണയ്ക്കായി അതിവേഗ കോടതികൾ രൂപവത്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എവിടെയെല്ലാമാണ് പ്രസ്തുത കോടതികൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 ജനുവരി 26.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.